## പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
## സർക്കുലർ

നം. എ1-15441/17. തിരുവനന്തപുരം,തീയതി : 21.08.2017.

വിഷയം :- കെ.എസ്.എഫ്.ഇ, സഹകരണ ബാങ്ക്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വായ്പയ്ക്ക് സാലറി സർട്ടിഫിക്കറ്റ് നല്കുന്നത് - കുടിശ്ശിക തുക ശമ്പളത്തിൽ നിന്നും പിടിച്ച് ഒടുക്കുന്നത് - നടപടി സ്വീകരിക്കുന്നതിനു നിർദ്ദേശം നല്കുന്നത് - സംബന്ധിച്ച്.

പരാമർശം:- ധനകാര്യ വകുപ്പിന്റെ 12.01.96 ലെ ജി.ഒ(പി)8796/ധന നമ്പർ ഉത്തരവ്.

കെ.എസ്.എഫ്.ഇ, സഹകരണ ബാങ്കുകൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുത്തതിന് ശേഷം നിരവധി ജീവനക്കാർ തിരിച്ചടവിൽ വീഴ്ച വരുത്തുന്നതായി ടി സ്ഥാപനങ്ങളിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. തിരിച്ചടവ് മുടക്കം വരുത്തുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും യഥാസമയം റിക്കവറി നടത്താത്തതിന് അതാതു ഡി.ഡി.ഒ.മാർ വ്യക്തിപരമായി ബാദ്ധ്യസ്ഥരായിരിക്കുമെന്ന് പരാമർശ പ്രകാരം സർക്കാർ ഉത്തരവ് നിലവിലുള്ളതാണ്.

മേൽ സാഹചര്യത്തിൽ സാലറി സർട്ടിഫിക്കറ്റ് വിതരണ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും വായ്പ തുക തിരിച്ചടവ് മുടക്കം വരുത്തുന്നവരുടെ ശമ്പളത്തിൽ നിന്നും തുക യഥാസമയം പിടിച്ച് ഒടുക്കേണ്ടതും ഡി.ഡി.ഒ.മാരുടെ ഉത്തരവാദിത്വമാണെന്നതിനാൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പാ കുടിശ്ശിക അറിയിപ്പ് ലഭിക്കുന്നപക്ഷം സാലറി റിക്കവറി യഥാസമയം നടത്തി ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങളിൽ ഒടുക്കുന്നതിനു ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നല്കുന്നതിനും ആയതിൽ വീഴ്ച വരുത്തുന്ന ആദാന വിതരണ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള വിവരം അറിയിക്കുന്നതിന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെയും ഇതിനാൽ ചുമതലപ്പെടുത്തുന്നു. സർക്കുലർ നിർദ്ദേശം എല്ലാ ആദാന വിതരണ ഉദ്യോഗസ്ഥരും കർശനമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)

**വി.രതീശൻ ഐ എഎസ്**
**പഞ്ചായത്ത് ഡയറക്ടർ**

പകർപ്പ് : എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
തുടർ നടപടി സ്വീകരിക്കുന്നതിലേക്ക്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്